## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2354**.

**07-10-2016 ൽ മറുപടിയ്ക്ക്**

## നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2016 ജൂൺ 24-ാം തീയതി നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനത്തിൽ നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് തീവ്രപ്രയത്നം നടത്തുമെന്ന് പ്രഖ്യാപിച്ചത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ലഭ്യമായ എല്ലാ കരനെൽ പ്രദേശങ്ങളിലും കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന എല്ലാ പാടശേഖരങ്ങളിലും നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരംഭിച്ച കരനെൽകൃഷി പദ്ധതി പ്രകാരം 2663 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷി ആരംഭിച്ചു. ഇതിനു പുറമേ തരിശുകിടന്ന 2105 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിച്ചു.<br>1192 ചിങ്ങം 1 മുതൽ 1193 ചിങ്ങം 1 വരെയുള്ള ഈ വർഷം നെല്ലിന്റെ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. "നമ്മുടെ നെല്ല് നമ്മുടെ അന്നം" എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിച്ച അരി നൽകുന്നതിനും സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, |

പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ കഴിഞ്ഞ 25 വർഷത്തിനുശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ചകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 160 ഹെക്ടർ വിസ്തൃതിയുള്ള മെത്രാൻ കായലിലും 56 ഹെക്ടർ വിസ്തൃതിയുള്ള ആറന്മുളയിലും നെൽകൃഷിയിറക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ആവളപാണ്ടി ഉൾപ്പെടെയുള്ള പാടശേഖരങ്ങളിലും 760 ഏക്കർ സ്ഥലത്ത് ഈ വർഷം നെൽകൃഷി പുനരാരംഭിക്കും.

കൂടാതെ നെൽകൃഷിയുടെ വിസ്തീർണം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണംചെയ്തു നടപ്പിലാക്കി വരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം.
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.
3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം.
4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി.
5.കരനെൽകൃഷി വികസനം.
6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ).
7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ).
8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം).
9. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ

| | | | |
|---|---|---|---|
| | | | അംഗീകാരം ലഭ്യമായിട്ടുണ്ട്.<br>10. ഇതിനുപുറമേ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ സഹായധനം അനുവദിക്കുന്ന തിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിലുടനീളം ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ഒരു ജൈവ കൃഷി നയം പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചത് കൈവരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ? | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ജൈവ കൃഷി വികസന പദ്ധതി നടപ്പാക്കുന്നതിനായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.<br>കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് കൃഷി ചെയ്യുന്നതിന് 292 ക്ലസ്റ്ററുകൾ രൂപീകരിച്ചു.<br>കർഷകർക്ക് കൃഷിയിടത്തിൽതന്നെ ജൈവ വളം ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി 146 ബ്ലോക്കുകളിൽ 2920 കംമ്പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു.<br>നല്ലകൃഷിമുറകൾ പാലിച്ച് കൃഷി ചെയ്യുന്ന തെരെഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് ജൈവ പച്ചക്കറികൾ സംഭരിച്ച് പായ്ക്ക് ചെയ്ത് വിൽപന നടത്തുന്നതിനായി 3 ലക്ഷം രൂപ വീതം 18 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു.<br>ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവകൾക്ക് സംസ്ഥാന തലത്തിൽ അവാർഡുകൾ നൽകുന്നു. കൂടാതെ ജില്ലാതലത്തിൽ മികച്ച 3 ഗ്രാമ പഞ്ചായത്തുകൾക്കും അവാർഡ് നൽകുന്നതിനായി 111 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.<br>ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി നിലവിൽ 45 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചുവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ 5 ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.<br>മേൽ പദ്ധതികൾക്ക് പുറമേ പുതിയ 152 ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും നല്ലകൃഷിമുറകൾ (ജി.എ.പി.) പാലിച്ച് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ടി രീതിയിൽ കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങൾ ലേബലും സർട്ടിഫിക്കേഷനോടും കൂടി ഇക്കോ ഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്ന തിനും, നിലവിലുള്ള 50 ഇക്കോ ഷോപ്പുകൾക്ക് പുറമേ പുതിയ 15 ഇക്കോ ഷോപ്പുകൾ കൂടി സ്ഥാപിക്കുന്നതിനും, ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് |

| | | |
|---|---|---|
| | | നിലവിൽ നൽകിവരുന്ന അവാർഡ് തുകയേക്കാൾ കൂടുതൽ തുക നൽകുന്നതിനുമായി 261.31 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൈവകൃഷി നയം പ്രഖ്യാപിച്ചതിന്റെ ഭാഗമായി 2015-16-ൽ എല്ലാ ജില്ലകളിലേയും പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ജൈവകൃഷി പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾക്കുപരി സംസ്ഥാനത്ത് ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി 50,000 ഹെക്ടർ പ്രദേശത്ത് ഘട്ടം ഘട്ടമായി ജൈവകൃഷി നടപ്പിലാക്കാനായി പദ്ധതി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ